
# പാഠം 10



## ഒരു പഠന വിഷയം

***ഞാനൊരു ദൈവ പൈതലാകേണ്ടതിന് സൃഷ്ടിതാവാം ദൈവം എന്നോട് കൂടെയുണ്ട്!***

## വേദവചന കഥ

***ഞാനൊരു ദൈവ പൈതലാകേണ്ടതിന് സൃഷ്ടിതാവാം ദൈവം എന്നോടു കൂടെയുണ്ട് എന്ന് പഠിപ്പിക്കുന്ന കഥ ഉപയോഗിക്കുക***

ഞാനൊരു ദൈവ പൈതലാ കേണ്ടതിന് സൃഷ്ടിതാവാം ദൈവം എന്നോട് കൂടെയുണ്ട്!

**സദ്വർത്തമാന കഥാപുസ്തകം അഞ്ച്. പേജുകൾ** 2-19. *സൃഷ്ടാവാം ദൈവം ഇവിടെയുണ്ട്!*

**ഉപകരണങ്ങൾ:** എഴുതുവാനുള്ള ബ്ളാക്ക് ബോർട്ടും ചോക്കും അല്ലെങ്കിൽ മണ്ണും വടിയും അല്ലെങ്കിൽ ഒരു കടലാസ്സും പെൻസിലും ഉപയോഗിക്കാം. കുട്ടികൾക്ക് കടലാസ്സും, പെൻസിലും, റബറും ആവശ്യമാണ്.

പടം വരച്ച് കുട്ടികൾക്ക് കഥ പറഞ്ഞ് കൊടുക്കുക.

കുട്ടികൾക്ക് 8-15 വരെയുള്ള പേജുകളിലെ കഥ വായിച്ച് കേൾപ്പിക്കുക. വായിക്കുമ്പോൾ *സദ്വർത്തമാന കഥാപുസ്തകം അഞ്ചിലെ* ചിത്രങ്ങളും കാണിക്കുക.

1, 2, 3 വായിക്കുവാൻ തുടങ്ങുക...

സൃഷ്ടാവാം ദൈവം പറയുന്നതു ഞാൻ കേൾക്കുന്നു, 'ഞാൻ നിന്നെ എന്നേയ്ക്കും, എന്നുമെന്നേയ്ക്കും വീണ്ടെടുക്കും.' ഒരു ചെറുപ്പക്കാരിയായ സ്ത്രീയെ ഞാൻ കാണുന്നു. അവളുടെ പേര് മേരി. സൃഷ്ടാവാം ദൈവത്തിന്റെ നല്ല ആത്മാവ് മേരിയോടു പറയുന്നതു ഞാൻ കേൾക്കുന്നു, 'നിനക്ക് ഒരു പുത്രനുണ്ടാകും. അവന്റെ പേര് യേശു എന്നായിരിക്കും. യേശു സൃഷ്ടാവാം ദൈവത്തിന്റെ ആത്മാവിൽ നിന്നാകുന്നു. യേശു നിന്നെ എന്നേയ്ക്കും, എന്നുമെന്നേയ്ക്കും രക്ഷിക്കും.'


ഒരു ചെറുപ്പക്കാരനെ ഞാൻ കാണുന്നു. അവന്റെ പേര് യോസേഫ്. യോസേഫിന്റെ പിതാക്കന്മാർ ദാവീദു രാജാവിന്റെ കുലത്തിൽപ്പെട്ടതാണ്. ദാവീദു രാജാവ് അബ്രഹാമിന്റെ കുലത്തിൽപ്പെട്ടതാണ്.

സൃഷ്ടാവാം ദൈവം ഒരു നല്ല ആത്മാവിനോടു പറയുന്നതു ഞാൻ കേൾക്കുന്നു, 'മേരിയെ തന്റെ ഭാര്യയാക്കിക്കൊള്ളുവാൻ യോസേഫിനോടു ചെന്നു പറയുക.' മേരിയ്ക്ക് ഒരു പുത്രനുണ്ടാകും. അവന്റെ പേര് യേശു എന്നായിരിക്കും. യേശു സൃഷ്ടാവാം ദൈവത്തിന്റെ ആത്മാവിൽ നിന്നാണ്. യേശു നിന്നെ എന്നേയ്ക്കും, എന്നുമെന്നേയ്ക്കും രക്ഷിക്കും.'

സൃഷ്ടാവാം ദൈവം വരുന്നു...

# പാഠം 10








സമയം കടന്നുപോയി.സ്രഷ്ടാവാം ദൈവം രാത്രിയിലെ ആകാശത്തിൽ ഒരു പുതിയ നക്ഷത്രത്തെ സൃഷ്ടിക്കുന്നതു ഞാൻ കാണുന്നു. ആ പുതിയ നക്ഷത്രം പ്രകാശിക്കുന്നു...പ്രകാശിക്കുന്നു...പ്രകാശിക്കുന്നു.



പണ്ഡിതന്മാർ രാത്രയിൽ, മേലെ രാത്രിയിലെ ആകാശത്തിലേക്കു നോക്കുന്നതു... നോക്കുന്നതു...നോക്കുന്നതു... ഞാൻ കാണുന്നു.

ആ പുതിയ നക്ഷത്രം ചൂണ്ടിക്കാണിക്കുന്നു...ചൂണ്ടിക്കാണിക്കുന്നു...ചൂണ്ടിക്കാണിക്കുന്നു. പണ്ഡിതന്മാർ ആ പുതിയ നക്ഷത്രത്തെ ഒരു ചെറിയ പട്ടണത്തിലെ, ഒരു ചെറിയ പാതയിലൂടെ, ഒരു ചെറിയ കുടിലിലേക്ക് പിന്തുടർന്ന് ചെല്ലുന്നതു ഞാൻ കാണുന്നു.



യോസേഫിനേയും അവന്റെ ഭാര്യ മേരിയേയും ശിശുവായ യേശു എന്ന ബാലനേയും ഞാൻ കാണുന്നു. സൃഷ്ടാവാം ദൈവം പറയുന്നതു ഞാൻ കേൾക്കുന്നു, 'ശിശുവായ യേശു എന്ന ബാലൻ നിന്നെ എന്നേയ്ക്കും, എന്നുമെന്നേയ്ക്കും രക്ഷിക്കും.'

പണ്ഡിതന്മാർ ശിശുവായ യേശു എന്ന ബാലനു പാടുന്നതു  ഞാൻ കാണുന്നു.

സൃഷ്ടാവാം ദൈവം ശിശുവായ ഒരു ബാലനായി നിന്നെ എന്നേയ്ക്കും, എന്നുമെന്നേയ്ക്കും രക്ഷിക്കാൻ വന്നിരിക്കുന്നു. സൃഷ്ടാവാം ദൈവം ഇവിടെയുണ്ട്!



അതേ രാത്രയിൽ...

ആട്ടിടയന്മാരെ ഞാൻ കാണുന്നു. ചെമ്മരിയാടുകളെ ഞാൻ കാണുന്നു.

സൃഷ്ടാവാം ദൈവം ഒരു നല്ല ആത്മാവിനോടു പറയുന്നതു ഞാൻ കേൾക്കുന്നു, 'ആട്ടിടയന്മാരോടു പോയി പറയുക, ഭയപ്പെടേണ്ടാ, ഞാൻ സദ്വർത്തമാനം കൊണ്ടുവന്നിരിക്കുന്നു. നിന്നെ എന്നേയ്ക്കും, എന്നുമെന്നേയ്ക്കും രക്ഷിക്കാൻ യേശു ഇവിടെയുണ്ട്.'

ഒരു വലിയ, വലിയ, വലിയ, ശോഭയേറിയ പ്രകാശം ഞാൻ കാണുന്നു. ആ വലിയ, വലിയ, വലിയ, ശോഭയേറിയ പ്രകാശം നല്ല ആത്മാവെന്നു ഞാൻ കാണുന്നു.



നല്ല ആത്മാവ് ആട്ടിടയന്മാരോടു പറയുന്നത് ഞാൻ കേൾക്കുന്നു, 'ഭയപ്പെടേണ്ടാ, ഞാൻ സദ്വർത്തമാനം അറിയിക്കുന്നു. നിന്നെ എന്നേയ്ക്കും, എന്നുമെന്നേയ്ക്കും രക്ഷിക്കാൻ യേശു ഇവിടെയുണ്ട്.'



ഒന്ന്...രണ്ട്...മൂന്നു...നാല്...അഞ്ച്...ആറ്...ഏഴ്...
അനേകം, അനേകം, അനേകം, നല്ല ആത്മാക്കൾ സൃഷ്ടാവാം ദൈവത്തിനു പാടുന്നതു ഞാൻ കാണുന്നു.
അനേകം, അനേകം, അനേകം നല്ല ആത്മാക്കൾ പറയുന്നതു ഞാൻ കേൾക്കുന്നു, 'സൃഷ്ടാവാം ദൈവത്തിനു പാടുക. യേശുവിനു പാടുന്ന എല്ലാവർക്കും സമാധാനം.'
അനേകം, അനേകം, അനേകം നല്ല ആത്മാക്കൾ ആകാശത്തിൽ, ഉയരത്തിലേക്ക്...

# പാഠം 10



ഉയരത്തിലേക്ക്... ഉയരത്തിലേക്ക്...പോകുന്നത് ഞാൻ കാണുന്നു.

ആട്ടിടയന്മാർ യേശുവിനു പാടുന്നതു ഞാൻ കാണുന്നു.

സൃഷ്ടാവാം ദൈവം ശിശുവായ ഒരു ബാലനായി നിന്നെ എന്നേയ്ക്കും, എന്നുമെന്നേയ്ക്കും രക്ഷിക്കുവാൻ വന്നിരിക്കുന്നു. സൃഷ്ടാവാം ദൈവം ഇവിടെയുണ്ട്!


**കുട്ടികളോട് കഥ ചിത്രീകരിക്കുവാൻ പറയുക.**



## നാട്യ ഗാനം


***ഞാനൊരു ദൈവ പൈതലാകേണ്ടതിന് സൃഷ്ടിതാവാം ദൈവം എന്നോടു കൂടെയുണ്ട് എന്ന് പഠിപ്പിക്കുന്ന നാട്യ ഗാനം ഉപയോഗിക്കുക***

ഉണ്ണിയേശു, ഉണ്ണിയേശു, (രണ്ടു കൈയിലുമെടുത്തു താരാട്ടുന്നതുപോലെ കാണിക്കുക)
ഞങ്ങൾക്കായ് പിറന്നു, ഞങ്ങൾക്കായ് പിറന്നു. (കൈകൾ നെഞ്ചോടു ചേർത്തു വയ്ക്കുക)
വരൂ, നമുക്കവനെ വണങ്ങാം, (കൈ കൂപ്പുക)
വരൂ, നമുക്കവനെ വണങ്ങാം, (കൈ കൂപ്പുക)
സന്തോഷത്തോടെ, സന്തോഷത്തോടെ. (കൈകളുയർത്തുക)



ഉണ്ണിയേശു, ഉണ്ണിയേശു, (രണ്ടു കൈയിലുമെടുത്തു താരാട്ടുന്നതുപോലെ കാണിക്കുക)
ഞങ്ങൾക്കായ് പിറന്നു, ഞങ്ങൾക്കായ് പിറന്നു. (കൈകൾ നെഞ്ചോടു ചേർത്തു വയ്ക്കുക)
നീ ഞങ്ങളെ രക്ഷിക്കുവാൻ വന്നു. (കൈകൾ സ്വർഗ്ഗത്തിലേക്കു ഉയർത്തുക)
ആമേൻ, ആമേൻ. (കൈ കൂപ്പുക)

ഉണ്ണിയേശു, ഉണ്ണിയേശു, (രണ്ടു കൈയിലുമെടുത്തു താരാട്ടുന്നതുപോലെ കാണിക്കുക)
ഞങ്ങൾ അങ്ങയെ സ്നേഹിക്കുന്നു, ഞങ്ങൾ അങ്ങയെ സ്നേഹിക്കുന്നു. (കെട്ടിപ്പിടിക്കുക)
നമ്മൾ സ്വർഗ്ഗത്തിലേക്കു പോകുന്നു, (മുകളിലേക്കു കൈ ചൂണ്ടുക)
നമ്മൾ സ്വർഗ്ഗത്തിലേക്കു പോകുന്നു. (മുകളിലേക്കു കൈ ചൂണ്ടുക)
അങ്ങേയ്ക്കു നന്ദി, അങ്ങേയ്ക്കു നന്ദി. (കൈ കൂപ്പുക)



## ദൃഷ്ടാന്ത പാഠം

***ഞാനൊരു ദൈവ പൈതലാകേണ്ടതിന് സൃഷ്ടിതാവാം ദൈവം എന്നോടു കൂടെയുണ്ട് എന്നു പഠിപ്പിക്കുന്ന ദൃഷ്ടാന്ത പാഠം ഉപയോഗിക്കുക***

**ഉപകരണങ്ങൾ:** പെട്ടിയും കണ്ണാടിയും. പാഠം തുടങ്ങുന്നതിന് മുമ്പ് തന്നെ കണ്ണാടി പെട്ടിക്കുള്ളിലാക്കുക.

സൃഷ്ടിതാവാം ദൈവത്തിന്റെ ഒരു പൈതലിന്റെ വിശേഷപ്പെട്ട ചിത്രം ഈ പെട്ടിയിലുണ്ടെന്ന് കുട്ടികളോട് പറയുക. ഓരോ കുട്ടിയോടും ഓരോരുത്തരായി വന്ന് ഒന്നും ഉരിയാടാതെ പെട്ടിയിൽ നോക്കിയിട്ട് പോയി ഇരിക്കുവാൻ പറയുക. എല്ലാവരും വന്ന് പെട്ടിയിൽ നോക്കുന്നതുവരെ ആരും ഒന്നും പറയുവാൻ പാടില്ല.

# പാഠം 10

എല്ലാവരും പെട്ടിയിൽ നോക്കിയതിന് ശേഷം തുടർന്ന് കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ ചോദിക്കുക.

**ആരെയാണ് നിങ്ങൾ പെട്ടിക്കുള്ളിൽ കണ്ടത്? നിങ്ങൾ ആയിരിക്കും എന്ന് നിങ്ങൾ ചിന്തിച്ചിരുന്നുവോ? നിങ്ങൾ സൃഷ്ടാവാം ദൈവത്തിന്റെ പൈതൽ എന്നും നിങ്ങൾ അവനു വിശേഷപ്പെട്ടതാണെന്നും അറിഞ്ഞിരുന്നോ?**

യേശു എങ്ങനെ സൃഷ്ടാവാം ദൈവത്തിന്റെ ആത്മാവിൽ നിന്നും ഉളവായി എന്ന് വിവരിക്കുക. യേശു ഒരു ചെറിയ ബാലനായി അവതരിച്ച് നിങ്ങളെ എന്നും എന്നേക്കുമായി രക്ഷിക്കുന്നതിനായി വന്നു. അങ്ങനെ യേശുവിൽ വിശ്വസിക്കുമ്പോൾ നമ്മൾ സൃഷ്ടിതാവാം ദൈവത്തിന്റെ ഒരു പൈതലാകുന്നു.

## വേദവചന മനഃപാഠവാക്യ കളി

***ഞാനൊരു ദൈവ പൈതലാകേണ്ടതിന് സൃഷ്ടിതാവാം ദൈവം എന്നോട് കൂടെയുണ്ട് എന്നു പഠിപ്പിക്കുന്ന വേദവചന മനഃപാഠ വാക്യം ഉപയോഗിക്കുക!***

സൃഷ്ടാവാം ദൈവത്തിന്റെ മറ്റൊരു പേര് ദൈവം എന്നാണെന്ന് വിവരിച്ച് കൊടുക്കുക.

**1 യോഹന്നാൻ 5:1** *'യേശു, *ക്രിസ്തുവാണെന്നു വിശ്വസിക്കുന്നവര് ദൈവമക്കളാണ്.'*

**ഉപകരണങ്ങൾ:** എഴുതുവാനുള്ള ബ്ളാക്ക് ബോർഡും ചോക്കും അല്ലെങ്കിൽ മണ്ണും വടിയും അല്ലെങ്കിൽ ഒരു കടലാസ്സും പെൻസിലും ഉപയോഗിക്കാം.

വേദവചന മനഃപാഠ വാക്യം എഴുതുകയും പറയുകയും ചെയ്യുമ്പോൾ കുട്ടികളത് ആവർത്തിക്കുവാൻ പറയുക. കുട്ടികൾ ഇതുവരെ വായിക്കുവാൻ പഠിച്ചിട്ടില്ലെങ്കിൽ മനഃപാഠവാക്യം എഴുതേണ്ടതില്ല.

ഞാനൊരു ദൈവ പൈതലാകേണ്ടതിന് സൃഷ്ടിതാവാം ദൈവം എന്നോട് കൂടെയുണ്ട്!

വേദവചന മനഃപാഠ വാക്യത്തിന്റെ വാക്കുകൾ ഓരോന്നായി ഉച്ചരിക്കുക. ഇടയ്ക്കിടയ്ക്ക് നിന്ന് മൂന്ന് വാക്കുകൾ തുടച്ച് കളയുക. ആണ്കുട്ടികൾ അവരുടെ കൂട്ടത്തിൽനിന്ന് ഒരു ആൺകുട്ടിയെ വിളിച്ച് ഈ വാക്കുകൾ പൂരിപ്പിക്കുവാൻ പറയുക. എന്നിട്ട് എല്ലാവരും ചേർന്ന് ഈ വാക്യം പറയും. പിന്നെ മറ്റ് മൂന്ന് വാക്കുകൾ തുടച്ച് കളയുക.

പെണ്കുട്ടികൾ അവരുടെ കൂട്ടത്തിൽ ഒരു പെൺകുട്ടിയെ വിളിച്ച് ഇത് പൂരിപ്പിക്കുവാൻ പറയുക. എന്നിട്ട് എല്ലാവരും ചേർന്ന് ഈ വാക്യം ഉറക്കെ പറയട്ടെ.

എല്ലാവരും ചേര്ന്ന് വേദവചന മനഃപാഠ വാക്യം ഒന്നുകൂടി പറയുക.

## പ്രായോഗിക പ്രയോജനം

***ഞാനൊരു ദൈവ പൈതലാകേണ്ടതിന് സൃഷ്ടിതാവാം ദൈവം എന്നോടു കൂടെയുണ്ട് എന്നു പഠിപ്പിക്കുന്ന പ്രായോഗിക കാര്യങ്ങൾ ഉപയോഗിക്കുക!***

**സാക്ഷിക്കുക:** ഒരു ദൈവ പൈതലായതുമൂലം നിങ്ങളുടെ ജീവിതം എപ്രകാരം മാറി എന്ന് പങ്കിടുക.

**പ്രാര്ത്ഥന:** സൃഷ്ടാവാം ദൈവമേ എന്നെ എന്നും എന്നേക്കുമായി രക്ഷിക്കേണ്ടതിന് ഒരു ചെറിയ ബാലനായി വന്നതിനാൽ നന്ദി. ഞാൻ യേശുവിൽ വിശ്വസിക്കുമ്പോൾ ഞാൻ സൃഷ്ടിതാവിന്റെ പൈതലാകുന്നതിനാൽ നന്ദി.

* അഭിഷിക്തൻ. രക്ഷിക്കുന്ന സൃഷ്ടാവാം ദൈവം.